# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 15



# മറിയം സഭയുടെ മാതാവും മാതൃകയും

1. വചനം സ്വീകരിച്ച അമ്മ
2. **മറിയം സഭയുടെ പ്രതിരൂപവും മാതൃകയും**
3. **മറിയം സഭയുടെ അമ്മ**
4. **മരിയഭക്തിയുടെ വിവിധരൂപങ്ങൾ**
5. മറിയത്തിന്റെ മാധ്യസ്ഥ്യവും സംരക്ഷണവു

## മറിയം സഭയുടെ മാതാവും മാതൃകയും

- കുരിശിൻ ചുവട്ടിൽ നിന്ന മറിയത്തെ ശിഷ്യനായ യോഹന്നാനും, യോഹന്നാനെ മറിയത്തിനും ഏല്പിച്ചുകൊടുത്തപ്പോൾ നമ്മെ ഓരോരുത്തരേയുമാണ് ഈശോ മറിയത്തിനും മറിയത്തെ നമുക്കും ഭരമേല്പിച്ചത്.തന്റെ അമ്മയെ ഈശോ നമുക്കു നല്കി.

## വചനം സ്വീകരിച്ച അമ്മ

- ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ (ലൂക്ക 1, 38).
- ദൈവഹിതം നിറവേറ്റുവാൻ സന്നദ്ധയായ മറിയ മാണ് ദൈവപുത്രന്റെ അമ്മയായി മാറിയത്. ഈശോ തന്റെ അമ്മയുടെ മഹത്വമായി എടുത്തു പറഞ്ഞത് അമ്മയുടെ വചനശ്രവണവും അതിന നുസരിച്ചുള്ള ജീവിതവുമാണ്.

മറിയം സഭയുടെ മാതാവും മാതൃകയും

## മറിയം സഭയുടെ പ്രതിരൂപവും മാതൃകയും

- ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്നുറച്ചു വിശ്വസിച്ചു പ്രവര്‍ത്തിച്ച മറിയത്തെ കര്‍ത്താവരുളിച്ചെയ്തവ നിറവേറ്റുമെന്നു വിശ്വസിച്ചവള്‍ ഭാഗ്യവതിയാകുന്നു എന്ന് ഏറ്റു പറഞ്ഞ് തലമുറകള്‍ വണങ്ങുന്നു.
- വിശ്വാസത്തിലും ഉപവിയിലും മിശിഹായോടുള്ള പരിപൂര്‍ണ വിശ്വസ്തതയിലും മറിയം സഭയ്ക്ക് മാതൃകയാണ്
- ദൈവത്തിനു തന്നെത്തന്നെ പരിപൂര്‍ണ്ണമായും സമര്‍പ്പിച്ച മറിയം വിശ്വസ്തതയുടെയും സമര്‍പ്പണത്തിന്റെയും പ്രതിരൂപമാണ്

മറിയം സഭയുടെ മാതാവും മാതൃകയും

## മറിയം സഭയുടെ അമ്മ

- സഭാശരീരത്തിന്റെ ശിരസ്സായ മിശിഹായ്ക്ക് ജന്മം കൊടുത്ത മറിയം മിശിഹായുടെ ശരീരമായ സഭയ്ക്കു ജന്മം കൊടുക്കുന്നതിലും പങ്കാളിയായി. അതിനാൽ, അവൾ ശിരസ്സായ മിശിഹായുടെ മാത്രമല്ല അവിടുത്തെ ശരീരമായ സഭയുടെയും അമ്മയായി മാറി.

മറിയം സഭയുടെ മാതാവും മാതൃകയും

## മരിയഭക്തിയുടെ വിവിധരൂപങ്ങൾ

- പരിശുദ്ധ കന്യകയോട് പൗരസ്ത്യദേശത്തും പാശ്ചാത്യദേശത്തും പ്രദർശിപ്പിക്കുന്ന ഏറ്റവും പരിപൂജ്യമായ ഭക്താഭ്യാസങ്ങളെല്ലാം തന്നെ ആരാധന ക്രമത്തിൽ ഉദയം ചെയ്തിട്ടുള്ളവയൊ അതിനോടു ലയിച്ചിട്ടുള്ളവയൊ ആകുന്നു.
- ആരാധാനചൈതന്യത്തിനനുസരിച്ച് മരിയഭക്തിയിൽ മുന്നേറുവാൻ മാർത്തോമ്മക്രിസ്ത്യാനികൾ എന്നും ശ്രദ്ധിച്ചിരുന്നു.
- എല്ലാ ബുധനാഴ്ചകളും മരിയഭക്തിയിൽ പ്രത്യേകം നീക്കിവച്ചിരിക്കുന്നു.

## മറിയം സഭയുടെ മാതാവും മാതൃകയും

### മറിയത്തിന്റെ മാധ്യസ്ഥ്യവും സംരക്ഷണവും

- “അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ.’ അമ്മയെപ്പോലെ അവിടുത്തെ മക്കളായ നമ്മളും ഭാഗ്യമുള്ളവരാകാൻ അമ്മ ആവശ്യപ്പെടുന്നത് ഈശോ പറയുന്നതുപോലെ ചെയ്യാനാണ്.

## മറിയം സഭയുടെ മാതാവും മാതൃകയും

- സീറോമലബാർസഭയുടെ ആരാധനചൈതന്യത്തിൽ ആധികാരികമായ മരിയഭക്തി പ്രകാശിപ്പിക്കുന്നതിനുള്ള പ്രധാനവേദിയാണ് യാമപ്രാർത്ഥന.
- നമ്മുടെ സഭയിൽ ബുധനാഴ്ചകളിലെ യാമപ്രാർത്ഥനകൾ മാതൃഗീതികളാലും പ്രാർത്ഥനകളാലും സമ്പന്നമാണ്
- മാതാവിന്റെ സ്വർഗ്ഗരോപണത്തിരുനാളിന് ഒരുക്കമായുള്ള പതിനഞ്ചുനോമ്പും ജനനത്തിരുന്നാളിനൊരുക്കമായുള്ള എട്ടുനോമ്പും ഇതിനുദാഹരണങ്ങളാണ്.

## എന്റെ തീരുമാനം

ഞാൻ എന്നും
മാതാവിന്റെ മാധ്യസ്ഥ്യം
യാചിക്കും


ഓർമ്മിക്കാൻ ഒരു
തിരുവചനം
കർത്താവ് അരുളിച്ചെയ്ത
കാര്യങ്ങൾ നിറവേറുമെന്ന്
വിശ്വസിച്ചവൾ ഭാഗ്യവതി.

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവായ
ഈശോയേ, നിന്റെ അമ്മയായ
പരിശുദ്ധ മറിയത്തിന്റെ പ്രാർത്ഥനയാൽ
ഞങ്ങൾക്ക് ആത്മീകവും
ശാരീരികവുമായ സഹായവും
സംരക്ഷണവും പ്രദാനം ചെയ്യണമേ.
നിന്റെ രാജ്യത്തിലെ നിത്യവിരുന്നിൽ
അവളോടുകൂടെ ഞങ്ങളേയും
പങ്കാളികളാക്കണമേ.